**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 401** **01-02-2023 - ൽ മറുപടിയ്ക്ക്**

**മുൻസിപ്പാലിറ്റികളിൽ നിന്നും കെട്ടിട നിർമാണ പെർമിറ്റ് ലഭിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ വിവിധ മുൻസിപ്പാലിറ്റികളിൽ നിന്നും കെട്ടിട നിർമാണ പെർമിറ്റിന് അപേക്ഷിക്കുന്നവർക്ക് അത് ലഭിക്കുന്നതിന് കാലതാമസം നേരിടുന്നതായുള്ള പരാതികൾ വ്യാപകമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) | സോഫ്റ്റ്‌വെയർ സംബന്ധിച്ച പ്രശ്നങ്ങൾ കാരണമാണ് യഥാസമയം അപേക്ഷകളിന്മേൽ നടപടി സ്വീകരിക്കാൻ കഴിയാത്തതെന്ന ഉദ്യോഗസ്ഥരുടെ വാദം വസ്തുതയാണോ; എങ്കിൽ നിലവിൽ ഏത് സോഫ്റ്റ്‌വെയർ ആണ് ഇതിനായി ഉപയോഗിച്ച് വരുന്നത്; | (ബി) | സോഫ്റ്റ് വെയർ സംബന്ധിച്ച പ്രശ്നങ്ങൾ മൂലം ചില അപേക്ഷകളിന്മേൽ യഥാസമയം നടപടി സ്വീകരിക്കാൻ കഴിയാതെ വരുന്നു എന്നത് വസ്തുതയാണ്. എന്നാൽ സോഫ്റ്റ് വെയർ സംബന്ധമായി ഉയർന്നു വരുന്ന പ്രശ്നങ്ങൾ സമയബന്ധിതമായി പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.നിലവിൽ ലോ റിസ്ക് വിഭാഗത്തിൽപെടുന്ന കെട്ടിടങ്ങൾക്ക് പെർമിറ്റ് അനുവദിക്കുന്നതിനു ഐ.ബി.പി.എം.എസ്സ് സോഫ്റ്റ് വെയർ ആണ് കോഴിക്കോട് ഒഴികെയുള്ള എല്ലാ നഗരസഭകളിലും ഉപയോഗിച്ച് വരുന്നത്.കോഴിക്കോട് നഗരസഭയിൽ ഇതിനായി സുവേഗ സോഫ്റ്റ് വെയർ ആണ് ഉപയോഗിച്ച് വരുന്നത്.കൂടാതെ ഹൈറിസ്ക് വിഭാഗത്തിൽ പെടുന്ന കെട്ടിടങ്ങൾക്ക് പെർമിറ്റ് അനുവദിക്കുന്നതിനു തിരുവനന്തപുരം. കൊല്ലം,കൊച്ചി,തൃശ്ശൂർ, കണ്ണൂർ,പാലക്കാട്,ഗുരുവായൂർ,ആലപ്പുഴ എന്നീ നഗരസഭകളിൽ ഐ.ബി.പി.എം.എസ്സ് സോഫ്റ്റ് വെയർ പൈലറ്റ് അടിസ്ഥാനത്തിൽ ഉപയോഗിച്ചുവരുന്നുണ്ട് |
| (സി) | പ്രസ്തുത സോഫ്റ്റ്‌വെയറുമായി ബന്ധപ്പെട്ട് എന്തെല്ലാം പ്രശ്നങ്ങളാണ് ഇതുവരെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്; ഇത് പരിഹരിക്കുന്നതിനും സോഫ്റ്റ്‌വെയർ കുറ്റമറ്റതാക്കി സമയബന്ധിതമായി പെർമിറ്റുകൾ നൽകുന്നതിനും നടപടി സ്വീകരിക്കുമോ? | (സി) | ഐ.ബി.പി.എം.എസ്സ് സോഫ്റ്റ് വെയർ മുഖേന നഗരസഭകളിൽ നിന്നും കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിക്കുന്ന നടപടിയുടെ ഭാഗമായി ചില നഗരസഭകളിൽ "Digital signature" ചെയ്യുന്നതിന് പ്രശ്നങ്ങൾ നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളതാണ്. കൂടാതെ ഈ സംബന്ധിച്ച് |

| | | | |
|---|---|---|---|
| | | | നഗരസഭകളിൽ നിന്നും റിപ്പോർട്ട് ചെയ്യുന്ന പ്രശനങ്ങൾ സമയബന്ധിതമായി പരിഹരിക്കുന്നതിനും ഈ സോഫ്റ്റ് വെയർ കുറ്റമറ്റതാക്കി സമയബന്ധിതമായി പെർമിറ്റുകൾ ലഭ്യമാക്കുന്നതിനും ആവശ്യമായ നടപടികൾ നഗരകാര്യ ഡയറക്ടറുടെ കാര്യാലയത്തിൽ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ